പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 5480

1.7.2014 ൽ
മറുപടിയ്ക്ക്

## സ്വകാര്യ ഐ.ടി. പാർക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ ;<br>ശ്രീ. ലൂഡി ലൂയിസ് ;<br>ശ്രീ.സി. പി. മുഹമ്മദ്;<br>ശ്രീ. വി. ഡി. സതീശൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) സ്വകാര്യ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;<br><br>ബി) ഐ.ടി. നയത്തിൽ ഇതിനനുകൂലമായി എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) കേരളത്തിലെ ഐ.ടി. മേഖലയിൽ 2020 ഓടെ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ 2012 ലെ ഐ.ടി. പോളിസി വിഭാവനം ചെയ്യുന്നു. ഇതിലേയ്ക്കായി 500 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ ഇത്രയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാനും അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുമാണ് സ്വകാര്യ മേഖലയിൽ, ഐ.ടി. ഹൈടെക് പാർക്കുകൾ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലൂടെ ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും, സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളും നിബന്ധനകളും അനുബന്ധം ഒന്നിലും രണ്ടിലും മൂന്നിലും ചേർത്തിരിക്കുന്നു.<br><br>സർട്ടിഫിക്കേഷൻ ലഭിക്കുന്ന സ്വകാര്യ പാർക്കുകൾ സർക്കാർ ഐ.ടി. പാർക്കുകൾക്ക് ബാധകമായിട്ടുള്ള അതേ നിയന്ത്രണങ്ങൾ പ്രകാരമായിരിക്കും പ്രവർത്തിക്കുക. എല്ലാ സ്വകാര്യ ഐ.ടി. പാർക്കുകളും സിംഗിൾ വിൻഡോ ക്ലീയറൻസ് ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതാണ്. സർക്കാർ ഐ.ടി. പാർക്കുകൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു പ്രകാരം, പരമാവധി ഫ്ലോർ ഏരിയ റേഷ്യോ/ ഫ്ലോർ സ്പേസ് ഇൻഡക്സ് (FAR/FSI) സ്വകാര്യ ഐ.ടി. പാർക്കുകൾക്കും ലഭ്യമാകുന്നതാണ്. |
| സി) പാർക്കുകൾ ആരംഭിക്കുന്നതിന് ഐ.ടി. വകുപ്പ് എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | സി) സ്വകാര്യ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിന്, 30.4.2013 ലെ ജി.ഒ.(എം.എസ്) നം.10/2013/ഐ.ടി.ഡി. പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും, മാനദണ്ഡങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |

തുടർന്ന് 21.2.2014 ലെ ജി.ഒ.(എം.എസ്) നം.10/2014/ഐ.ടി.ഡി. പ്രകാരം ഐ.ടി. പാർക്കിൽ ഐ.ടി. കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന്റെ അനുപാതം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്വകാര്യ ഐ.ടി. പാർക്കുകളുടെ സർട്ടിഫിക്കേഷന് വേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | പാർക്കുകൾ ആരംഭിക്കുന്നതുവഴി എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | കേരളത്തിലെ ഐ.ടി. മേഖലയിൽ 2020 ഓടെ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമായി ഏകദേശം അഞ്ച് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന ഐ.ടി. സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ മാത്രമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**